(സി) മലബാർ ക്യാൻസർ സെന്ററിന്റെ വികസനത്തിനും, കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും കേന്ദ്ര-സംസ്ഥാന വിഹിതവും, സംഭാവനകളും 2010-11 വർഷത്തിൽ ലഭിച്ചതിന്റെ കണക്ക് വെളിപ്പെടുത്താമോ ;

(ഡി) മലബാർ ക്യാൻസർ സെന്ററിലെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മലബാർ ക്യാൻസർ സെന്ററിലെ നിലവിലുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകദേശം 10 കോടി രൂപ മുടക്കി അത്യാധുനിക റേഡിയേഷൻ ചികിത്സയ്ക്കുള്ള ഒരു ലിനിയർ ആക്സിലറേറ്റർ സ്ഥാപിക്കുക, മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് തുടങ്ങുക നിലവിലുള്ള ഓപ്പറേഷൻ തീയേറ്ററിൽ പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുക, 125 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ ഒരു ഇൻപേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങി സമഗ്രമായ പരിപാടികൾ പുരോഗമിച്ചുവരുന്നു. ഹോം കെയർ സർവ്വീസ് ടെലിമെഡിസിൻ സംവിധാനം തുടങ്ങിയവയും എം.സി.സി.-യിൽ നിലവിലുണ്ട്. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും എം.സി.സി.-യുടെ സഹകരണത്തോടെ ക്യാൻസർ വാർഡ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ എം.സി.സി.-യുടെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസുകളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ ജി.ഒ.(എം.എസ്.) നമ്പർ 45/2011/ആ.കു.വ. തീയതി 28-1-2011 പ്രകാരം വിവിധ കാറ്റഗറികളിലായി 86 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) എം.സി.സി.-ക്ക് 2010-11 സാമ്പത്തിക വർഷത്തിൽ ലഭിച്ച സംസ്ഥാന സർക്കാർ വിഹിതം താഴെപ്പറയുന്നു.

	ബഡ്ജറ്റ് വിഹിതം	അനുവദിച്ച തുക
പ്ലാൻ	14.16 കോടി	10.54 കോടി
നോൺ പ്ലാൻ	1.98 കോടി	1.51 കോടി

കൂടാതെ സോഷ്യൽ സെക്യൂരിറ്റി മിഷനിൽനിന്നും 3 കോടി രൂപയും പാലിയേറ്റീവ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി എൻ.ആർ.എച്ച്.എം.-ൽ നിന്നും 3.50 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി.

(ഡി) ജി.ഒ.(എം.എസ്.)45/2011/ആ.കു.വ. തീയതി 28-1-2011 പ്രകാരം എം.സി.സി.-യിൽ വിവിധ കാറ്റഗറികളിലായി 86 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

കൊരട്ടി മെഡിസിറ്റി പദ്ധതി

15 (462) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്തിൽ മെഡിസിറ്റി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് തയ്യാറാക്കുവാൻ ഇൻകെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇൻകെൽ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെഡിസിറ്റി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ഇൻകെൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

വയനാട് ജില്ലയിലെ ആരോഗ്യ മേഖലയുടെ പുരോഗതി

16 (463) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിലെ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇവിടെ നടന്ന വികസന പ്രവർത്തികൾക്ക് ചെലവഴിച്ചതുകയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ആരോഗ്യമേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഏതെല്ലാം പുതിയ തസ്തികകളാണ് അനുവദിക്കപ്പെട്ടതെന്നും എത്രപേർക്ക് ഇതുവഴി നിയമനം നൽകാനായെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വയനാട് ജില്ലയിൽ ഒഴിഞ്ഞുകിടന്നിരുന്ന ഏതെല്ലാം തസ്തികകളിലാണ് പിന്നീട് നിയമനങ്ങൾ നടന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(സി)

	തസ്തിക	എണ്ണം
1.	സ്പെഷ്യലിസ്റ്റ് ഡോക്ടർ	5
2.	അസിസ്റ്റന്റ് സർജൻ	2
3.	സ്റ്റാഫ് നഴ്സ്	8
4.	നേഴ്സിംഗ് അസിസ്റ്റന്റ്	6

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly